# മന്ന

യു.എ.ഇ., കുവൈത്ത്, തൃശ്ശൂർ & കൊച്ചിൻ വാല്യം 4 ലക്കം 15

news@newsmanna.com www.newsmanna.com

050 3241610, 055 3969791 2011 ഡിസംബർ 22




മാന്യവായനക്കാർക്ക് ക്രിസ്തുമസ് പുതുവത്സരാശംസകൾ!




# പുതുവർഷം പ്രതീക്ഷകളുടെ പൂക്കാലം

**ഷിബു മുള്ളംകാട്ടിൽ**

സംഭവബഹുലമായ 2011 വിടവാങ്ങുവാൻ ഇനി മണിക്കൂറുകൾ മാത്രം! പുതുവത്സരത്തെ വരവേല്ക്കുവാൻ ലോകം ആഘോഷത്തിമിർപ്പിലാണ്. ഇതുമായി ബന്ധപ്പെട്ട് ഒട്ടേറെ അന്ധവിശ്വാസങ്ങൾ ഇന്നും നിലനില്ക്കുന്നു. ഒന്നാം തീയതി രാവിലെ വീട്ടിൽ വരുന്നയാൾ ആരാണെന്നു നോക്കി ആ വർഷത്തിന്റെ ഗതി എന്താകുമെന്ന് പറയുന്നവരുണ്ട്. ആദ്യസന്ദർശകൻ ഉയരംകൂടി, കറുത്ത തലമുടിയോടുകൂടിയ ആളാണെങ്കിൽ ആ വർഷം ഐശ്വര്യമാണെന്ന് പാശ്ചാത്യർ പറയും. പുതുവർഷത്തിലെ ഭക്ഷണത്തിലും ചില വിശ്വാസങ്ങൾ പുലർത്തുന്നവരുണ്ട്. വളയ ആകൃതിയുള്ള ഭക്ഷണങ്ങൾ കഴിച്ചാൽ ആ വർഷം ഭാഗ്യമെന്ന് ചിലർ വിശ്വസിക്കുന്നു. ചിലയിനം പയർ ഭാഗ്യപ്രതീകമായി വിലയിരുത്തപ്പെടുന്നു. കാബേജ് ഇലകളെ കറൻസി നോട്ടുകളായി കണ്ട് ഭാഗ്യമായി കരുതുന്ന നാടുകളുണ്ട്. ജനുവരി ഒന്നിന് രാവിലെ വയറു നിറെച്ച് ചോറുണ്ടാൽ ആ വർഷത്തിന്റെ കാര്യം രക്ഷപെട്ടു എന്നാണ് ചിലരുടെ വിശ്വാസം. എന്തായാലും ഇത്തരം അന്ധവിശ്വാസങ്ങളിൽ നാം ഉൾപ്പെടാത്തത് മറ്റൊരു ഭാഗ്യം!! എന്നാലും ചില ചടങ്ങുകൾ, വിശ്വാസങ്ങൾ നമുക്കും ഇല്ലേ? “എന്റെ ജനനം മുതൽ എന്നെ വേർതിരിച്ച് തന്റെ കൃപയാൽ വിളിച്ചിരിക്കുന്ന ദൈവം” അരികിലുള്ളപ്പോൾ ഇത്തരം വിശ്വാസങ്ങൾക്ക് എന്ത് പ്രസക്തി?

**ചുവരുകൾ ചിരിക്കുന്നു**

കഴിഞ്ഞ വർഷത്തെ പാപഭാരങ്ങളെല്ലാം ഡിസംബർ 31ന് നാം കുഴിച്ചുമൂടി. കുറ്റബോധത്തിന്റെ മഞ്ഞുമലകൾ ഉരുകിയപ്പോൾ ദൃഢപ്രതിജ്ഞയുടെയും മാനസാന്തരത്തിന്റെയും ചീട്ടുകൊട്ടാരം ഉയർന്നു. “പുതുവർഷം എനിക്കു ശേഷിപ്പിക്കുകയാണെങ്കിൽ കർത്താവിനുവേണ്ടി കൂടുതൽ പ്രയോജനപ്പെടും” എന്ന നമ്മുടെ കാടടച്ചുള്ള വെടി കേട്ട് ആരാധനാലയത്തിന്റെ ചുവരുകൾ ചിരിക്കുന്നുണ്ടാവാം! എത്രയോ വർഷങ്ങളായി ഒരേപല്ലവികൾ അവ കേൾക്കുന്നു. ആണ്ടറുതി വേളയിൽ എടുക്കുന്ന തീരുമാനങ്ങളിൽ പലതിനും ഒരു പകലിന്റെ ആയുസ്സുപോലുമില്ല എന്നതാണ് യാഥാർഥ്യം. ഈ വർഷാവസാന ദിനങ്ങളിൽ നമുക്ക് ഒരു പുനഃപരിശോധന അനിവാര്യമാണ്. നമ്മുടെ തീരുമാനങ്ങളോട് എത്രമാത്രം നീതി പുലർത്തുവാൻ കഴിഞ്ഞിട്ടുണ്ട്?

**മരണവണ്ടി അടുക്കുന്നു**

പുതുവർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ നാം ഇഷ്ടപ്പെടാത്ത ഒരു യാഥാർഥ്യം വിളിച്ചു പറയുന്നു; ആയുസ്സിന്റെ ദൈർഘ്യം കുറയുന്നു. ഇന്നല്ലെങ്കിൽ നാളെ നാം ഈലോകത്തിൽ നിന്ന് വിടപറയേണ്ടവരാണ്. പണവും പ്രതാപവും പ്രശസ്തിയും എല്ലാം ശവക്കുഴിയോടെ അവസാനിക്കുന്നു. എത്രമാത്രം സ്നേഹം പ്രകടിപ്പിക്കുന്നവരും മരണശേഷം ‘ശവം’ എന്നാണ് സംബോധന ചെയ്യുന്നത്. ജീവൻ നഷ്ടമായാൽ എത്രയും വേഗം ശവമടക്കാനാണ് പിന്നീടുള്ള ശ്രമം. വല്ലപ്പോഴുമെങ്കിലും നാം മരണത്തെ ഭാവനയിൽ ദർശിക്കണം. മരണത്തോടെ എല്ലാം അസ്തമിക്കുമെങ്കിൽ കലഹവും പോർവിളിയും അസൂയയും ഈഗോയും എന്തിന്? ജീവിതം അടിച്ചുപൊളിക്കുവാനുള്ള വീഥിയല്ല എന്ന ബോധ്യം ഉണ്ടാകണം. ഒപ്പം മരണത്തിനപ്പുറം ഒരു ജീവിതം ഉണ്ടെന്നുള്ള തിരിച്ചറിവ് നമ്മെ ഉണർത്തട്ടെ.

സ്വാർഥതയുടെ തടവറയിൽ നിന്നുള്ള മോചനമാണ് പുതുവർഷത്തിലെ ഏറ്റവും ഉചിതമായ തീരുമാനം. മഹാനായ ബഞ്ചമിൻ ഫ്രാങ്ക്ളിന്റെ വാക്കുകൾ ചിന്തനീയമാണ്: “എല്ലാ ദിവസവും ഞാൻ പ്രഭാതത്തിൽ അഞ്ചുമണിക്ക് ഉണരും. ഈ ദിവസം എന്തു നന്മയാണ് എനിക്കു ചെയ്യുവാൻ കഴിയുന്നതെന്ന് സ്വയം ചോദിക്കും. സ്വന്തം ജീവിതത്തെ വിലയിരുത്തി ദീർഘസമയം ഈ ചിന്തയിൽ ഞാൻ ചെലവിടും. തിരക്കാർന്ന ജീവിതത്തിൽ ഈ പതിവിന് ഭംഗം വരുത്തിയില്ല” മഹത്വത്തിന്റെയും നന്മയുടെയും വിമലകിരണങ്ങൾ ജീവിതത്തിൽ തെളിഞ്ഞു നിന്നതിന്റെ രഹസ്യമിതായിരുന്നു.

**ക്രിസ്തു മാർഗ്ഗദർശി**

കാലചക്രം കറങ്ങിത്തിരിയട്ടെ. സമയമാം രഥം അതിവേഗം സഞ്ചരിക്കട്ടെ. പ്രശ്നസങ്കീർണമായ ജീവിതയാത്രയിൽ ക്രിസ്തു അരികിലുണ്ടെന്ന ചിന്ത നമ്മെ ഭരിക്കണം. “നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനു മുമ്പെ ഞാൻ നിന്നെ അറിഞ്ഞു” മാനുഷിക ബുദ്ധികൾക്കും നിഗമനങ്ങൾക്കും അപ്പുറത്താണ് ദൈവികപദ്ധതിയുടെ സ്ഥാനം. വിശ്വാസത്തിന്റെ തീവ്രതയിൽ നമുക്ക് വിളിച്ചുപറയാം “ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് അറിയുന്നു. അവൻ എന്റെ ഉപനിധി. ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തൻ എന്ന് ഉറച്ചുമിരിക്കുന്നു”(2തിമൊ.1:12).

ക്രിസ്തു ജീവിതയാത്രയിൽ അമരക്കാരനായെങ്കിൽ മാത്രമേ ലക്ഷ്യം പൂർണമാകൂ. പ്രതിസന്ധികൾ കരിനിഴൽ വീഴ്ത്തുമ്പോൾ കരുണാമയന്റെ കരങ്ങളിൽ സമർപ്പിക്കുക. കാരണം, ക്രിസ്തു കരുണാസാഗരമാണ്. ശാന്തിദായകനാണ്. സർവത്തെയും ശുദ്ധീകരിക്കുന്ന അഗ്നിയാണ്. മഹാഗുരു മാർഗദർശിയാകുമ്പോൾ പുതുവർഷം പ്രതീക്ഷകളുടെ പൂക്കാലമാകും. മാന്യവായനക്കാർക്ക് ഹൃദയം നിറഞ്ഞ പുതുവത്സര ആശംസകൾ!


“പുതുവർഷം എനിക്കു ശേഷിപ്പിക്കുകയാണെങ്കിൽ കർത്താവിനുവേണ്ടി കൂടുതൽ പ്രയോജനപ്പെടും” എന്ന നമ്മുടെ കാടടച്ചുള്ള വെടി കേട്ട് ആരാധനാലയത്തിന്റെ ചുവരുകൾ ചിരിക്കുന്നുണ്ടാവാം! എത്രയോ വർഷങ്ങളായി ഒരേ പല്ലവികൾ അവ കേൾക്കുന്നു. ആണ്ടറുതി വേളയിൽ എടുക്കുന്ന തീരുമാനങ്ങളിൽ പലതിനും ഒരു പകലിന്റെ ആയുസ്സുപോലുമില്ല എന്നതാണ് യാഥാർഥ്യം.



2 മുടിമുറിച്ചും, നഖം പെയിന്റടിച്ചും... പിന്നെ ഇറുകിയ ജീൻസിട്ടും...
4 സമാധാന സന്ദേശവുമായി ക്രിസ്തുമസ്
6 പരിസ്ഥിതി നശീകരണം പാപത്തിന്റെ പട്ടികയിൽ



For Private Circulation Only Not for Sale

# മുടിമുറിച്ചും, നഖം പെയിന്റടിച്ചും... പിന്നെ ഇറുകിയ ജീൻസിട്ടും...

## പറയാതെ വയ്യ – പി.സി.



**ഇറുകിയ ഷർട്ടും ഇറുകിയ പാന്റും, ആണും പെണ്ണും ധരിക്കുന്ന നമ്മുടെ ലോകത്ത് സഭയിലെ മക്കൾക്കും അവയൊക്കെ മതി ഇന്ന്.**

**വെ**ള്ള സാരിയുടുത്ത്, വെള്ള ഉടുപ്പ് ധരിച്ച്.. മൊത്തം വെള്ളയാൽ അലംകൃതമായ വിശുദ്ധസഭ... ലാളിത്യത്തിന്റെ പ്രതീകമായി പൂർവ്വപിതാക്കന്മാർ പടുത്തുയർത്തിയ ദൈവസഭ ഇന്ന് ആകെ മാറിയിരിക്കുന്നു.

ഉപദേശിമാരും വിശ്വാസികളും ഇന്ന് ഒരുപോലെ പാശ്ചാത്യസംസ്കാരത്തിന്റെ പിടിയിലായിപോയിരിക്കുന്നു. പണ്ടൊരിക്കൽ ഒരു ഉപദേശി ഇങ്ങനെ പറഞ്ഞു: “ഷർട്ട് ഇൻ ചെയ്യുന്നത് പാപമാണ്”. അതിലെ വചനത്തിന്റെ പൊരുൾ തിരിച്ചറിയാൻ പ്രയാസമാണെങ്കിലും ഇന്ന് ഉപദേശിമാരെല്ലാം ഇൻ ചെയ്തേ ഷർട്ട് ഉപയോഗിക്കൂ. മാത്രമല്ല, നമ്മുടെ ചെറുപ്പക്കാരെല്ലാം പ്രായമുള്ളവർ പോലും പാശ്ചാത്യവേഷങ്ങൾക്ക് അടിമകളായി മാറി.

സഭയുടെ ആരംഭകാലത്ത് എല്ലാം വർജ്ജിച്ചവരുടെ പിൻതലമുറ ലിബറലൈസേഷന്റെ പിടിയിലായി. അന്ന് പാപമായിരുന്നത് ഇന്ന് പാപമല്ലാതായി. ഏതെങ്കിലും ഒരു സഹോദരി വിദേശവസ്ത്രം ധരിച്ചാൽ ഉപദേശിമാർ കഠിനമായി ശാസിച്ചമർത്തിയിരുന്ന കാലഘട്ടത്തിന് തിരശീല വീണിരിക്കുന്നു.

ഇന്ന് എല്ലാവരും വിദേശവസ്ത്രമാണ് ധരിക്കുന്നത്. സ്വദേശവസ്ത്രം ധരിക്കുന്നവരെ കണ്ണുരുട്ടി നോക്കുന്ന കാലഘട്ടം വന്നുകഴിഞ്ഞു. ഒരിക്കൽ ചുമന്ന നിറത്തിലുള്ള ഷർട്ട് ധരിച്ച് കൂട്ടായ്മയ്ക്കു വന്ന പയ്യനെ ഉപദേശി ശാസിച്ചമർത്തി, ഇനി ഇത്തരം നിറമുള്ള ഷർട്ടുമായി കൂട്ടായ്മയ്ക്ക് വരരുത് എന്ന് പറഞ്ഞത് ഓർക്കുന്നു.

ഇന്ന് വെളുപ്പ് അന്യമായി മാറിയിരിക്കുന്നു. കറുപ്പും, ചുമപ്പും, മഞ്ഞയും ഒക്കെ തിളങ്ങിനില്ക്കുന്ന ആരാധനായോഗങ്ങൾ അരങ്ങു തകർക്കുന്നു, ആഡംബരത്തിന്റെ കുത്തൊഴുക്കിൽപെട്ട് സഭ നിലയില്ലാക്കയത്തിലേക്ക് വീണുകൊണ്ടിരിക്കുന്നു.

ഒരു സഭാനേതാവ് കൺവൻഷൻ വേദിയിൽ ഇങ്ങനെ പറഞ്ഞു. “ജീൻസിട്ട ഒറ്റ ഒരുത്തനെയും ഞാൻ എന്റെ വേദിയിൽ ആരാധനയ്ക്ക് കയറ്റില്ല”. ഇറുകിയ ഷർട്ടും ഇറുകിയ പാന്റും, ആണും പെണ്ണും ധരിക്കുന്ന നമ്മുടെ ലോകത്ത് സഭയിലെ മക്കൾക്കും അവയൊക്കെ മതി ഇന്ന്.

നഖത്തിന് പൊളീഷുചെയ്ത് പെയിന്റ് കൊടുക്കുന്ന വിശുദ്ധന്മാരുടെ മക്കൾ വർധിച്ചുവരുന്നു. പ്രായം കുറച്ചുകാണിക്കുവാൻ തലമുടി കറുപ്പിച്ച് സുവിശേഷം പ്രസംഗിക്കുന്നവരും ആരാധനയ്ക്ക് നേതൃത്വം നല്കുന്നവരും ഇന്ന് ഏറിവരുന്നു. ആഭരണത്തെ തെറ്റായി കാണുന്നവർ ഇവയിലൊന്നും തെറ്റു കാണാത്തത് ആശ്ചര്യപ്പെടുത്തുന്നു.

പണ്ട് ആണുങ്ങൾക്ക് മാത്രമായിരുന്നു ബാർബർഷോപ്പ്, ഇന്ന് നമ്മുടെ സഹോദരിമാർ ബാർബർഷോപ്പിൽപോയി തലമുടി ഒപ്പിയെടുക്കുവാനും മുഖം മിനുക്കുവാനും വിവിധ മോഡലുകൾ പ്രദർശിപ്പിക്കുവാനും എത്ര സമയവും പണവും കളയുന്നു. ഹാ.. മായ മായ സകലവും മായ അത്രെ...








For Advertisements & News Publishing Please Contact: 050-3241610, 055-3969791

# ഗൾഫ് പെന്തെക്കോസ്തൽ കോൺഫ്രൻസ് മൂന്നു മുതൽ

**ഷാർജ:** പെന്തെക്കോസ്തു സഭകൾ ഏകോപിച്ചുകൊണ്ട് ജനുവരി 3-5 തീയതികളിൽ ഷാർജ വർഷിപ്പ് സെന്ററിൽ നടക്കുന്ന ഗൾഫ് പെന്തെക്കോസ്തൽ കോൺഫ്രൻസ് ആന്റ് കൺവൻഷന് ഒരുക്കങ്ങൾ പൂർത്തിയായതായി ജി.പി.സി.സി. ചെയർമാൻ പാസ്റ്റർ വിൽസൺ ജോസഫ്, പ്രസിഡന്റ് റവ. കെ.ഓ. മാത്യു എന്നിവർ അറിയിച്ചു. ലോകപ്രശസ്ത സുവിശേഷ പ്രഭാഷകനും അമേരിക്കയിലെ ലോസ് ഏഞ്ചൽസിലെ ഫെയ്ത്ത് ഫുൾ സെൻട്രൽ ബൈബിൾ ചർച്ച് സീനിയർ ശുശ്രൂഷകനുമായ ബിഷപ്പ് കെന്നത്ത് ഉൾമർ പ്രസംഗിക്കും. കുമ്പനാട് കൺവൻഷനടക്കം ഇന്ത്യയിലെ പല പ്രമുഖ കൺവൻഷനുകളിൽ പ്രസംഗിച്ച ഉൾമർ പ്രശസ്ത ഉണർവുപ്രസംഗകനാണ്. ദി. കിംഗ് യൂണിവേഴ്സിറ്റി പ്രസിഡന്റുമാണ് അദ്ദേഹം.

ദിവസവും രാത്രി 7.30 ന് നടക്കുന്ന പൊതുയോഗങ്ങൾക്കു പുറമെ 4,5 തീയതികളിൽ രാവിലെ 10 മുതൽ പവ്വർകോൺഫ്രൻസും ഒരുക്കിയിട്ടുണ്ട്. കോൺഫ്രൻസിൽ കെന്നത്ത് ഉൾമറും സംഘവും റവ. റോയി ഡാനിയേലും പ്രസംഗിക്കും. പ്രശസ്ത സംഗീതജ്ഞരായ അനിൽകാന്ത്, ശ്രേയാ കാന്ത് എന്നിവർ ഗാനങ്ങൾ ആലപിക്കും. ഇവാ. സാം കുഴിക്കാലയുടെ നേതൃത്വത്തിൽ ജി.പി.സി. ക്വയർ ഗാനശുശ്രൂഷ നിർവഹിക്കും. മൂന്നിനു രാത്രി 7.30ന് ഐ.പി.സി. യു.എ.ഇ. റീജിയൻ പ്രസിഡന്റും ജി.പി.സി.സി. ചെയർമാനുമായ പാസ്റ്റർ വിൽസൺ ജോസഫ് ഉദ്ഘാടനം ചെയ്യും. തമിഴ് ഫുൾ ഗോസ്പൽ ചർച്ച് ഇന്റർനാഷണൽ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ എഡ്വിൻ കുമാർ അധ്യക്ഷതവഹിക്കും. ഡോ.കെ.ഒ. മാത്യു സ്വാഗതം ആശംസിക്കും. തുടർന്നുള്ള ദിനങ്ങളിൽ കിംഗ്സ് റിവൈവൽ ചർച്ച് സീനിയർ ശുശ്രൂഷകൻ ഡോ. ദിൽകുമാർ, അമേഴ്സിംഗ് ഗ്രേസ് ചർച്ച് സീനിയർ ശുശ്രൂഷകൻ പാസ്റ്റർ സാമുവൽ ട്രസ്സല്ലർ എന്നിവർ അധ്യക്ഷത വഹിക്കും. കോൺഫ്രൻസിന്റെ അനുഗ്രഹമായ നടത്തിപ്പിന് വേണ്ടി വിവിധ സഭാശുശ്രൂഷകരും വിശ്വാസികളും ചേർന്ന് വിപുലമായ കമ്മറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നു.

## സാംസ് റേഡിയോ ഒരുക്കുന്ന ജിംഗിൾസ്

**ദുബായ്:** ഈ ക്രിസ്തുമസ് കാലത്ത് മലയാള ക്രിസ്തീയ സംഗീത റേഡിയോ ആയ സാംസ് റേഡിയോ പുതുമയാർന്ന ക്രിസ്തുമസ് പരിപാടികൾ ഒരുക്കുന്നു. പ്രശസ്തരുടെ സംഗീത പരപരിപാടികൾ, സന്ദേശങ്ങൾ, ആശംസകൾ, ലോകമെങ്ങുമുള്ള ക്രിസ്തീയ കലാകാരന്മാരുടെ അനുഭവങ്ങൾ എന്നിവ ഉൾപ്പെടുത്തി ശ്രോതാക്കൾക്കായി നവ്യമായ കൂട്ടായ്മ ഒരുക്കുന്നു. ഡിസം. 24 മുതൽ 48 മണിക്കൂർ നീളുന്ന 'ജിംഗിൾസ്' എന്ന ഈ വിശിഷ്ട റേഡിയോ പ്രോഗ്രാമിൽ പ്രശസ്ത ക്രിസ്തീയ കലാകാരന്മാർ ക്രിസ്തുമസ് ശാസ്ത്രീയ സംഗീതം, സാക്ഷ്യങ്ങൾ തുടങ്ങിയ പ്രോഗ്രാമുകൾ അവതരിപ്പിക്കുന്നതാണെന്ന് സാംസ് റേഡിയോ പ്രോഗ്രാം ഡയറക്ടർ സ്റ്റാൻലി ജേക്കബ് പറഞ്ഞു. 200-ൽപരം രാജ്യങ്ങളിലായി ലക്ഷക്കണക്കിനു ശ്രോതാക്കൾക്ക് അനുഗ്രഹമായിരിക്കുന്ന സാംസ് റേഡിയോ വെബ്, മൊബൈൽ, ഇന്റർനെറ്റ് റേഡിയോ തുടങ്ങിയ മാധ്യമങ്ങളിൽ ലഭ്യമാണ്. www.psalmsradio.com



*ഐ.പി.സി. യു.എ.ഇ. റീജിയൻ കൺവൻഷനിൽ പാസ്റ്റർ വീയപുരം ജോർജുകുട്ടി പ്രസംഗിക്കുന്നു.*

## ദൈവത്തെ പരിമിതപ്പെടുത്തരുത്: പാസ്റ്റർ വീയപുരം ജോർജുകുട്ടി

**ഷാർജ:** സർവശക്തനായ ദൈവത്തെ പരിമിതപ്പെടുത്തുവാൻ മനുഷ്യൻ ശ്രമിക്കുകയാണെന്ന് പാസ്റ്റർ വീയപുരം ജോർജുകുട്ടി പ്രസ്താവിച്ചു. അസാധ്യങ്ങളെ സാധ്യമാക്കുന്ന ദൈവത്തിൽ നാം അമിതമായി ആശ്രയിക്കണം. മാനുഷികമായ ചിന്തകൾകൊണ്ട് ദൈവികശക്തിയെ അളക്കരുതെന്നും നമ്മുടെ ദൈവം ആരാണെന്ന് വ്യക്തിപരമായി നാം തിരിച്ചറിയണമെന്നും അദ്ദേഹം ഓർമിപ്പിച്ചു. ഐ.പി.സി. യു.എ.ഇ. റീജിയൻ കൺവൻഷനിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ഡിസംബർ 19-21 വരെ ഷാർജ വർഷിപ്പ് സെന്ററിൽ നടന്ന കൺവൻഷൻ റീജിയൻ പ്രസിഡന്റ് പാസ്റ്റർ വിൽസൻ ജോസഫ് ഉദ്ഘാടനം ചെയ്തു. വിവിധയോഗങ്ങളിൽ പാസ്റ്റർമാരായ ഗേർസീം പി.ജോൺ, ജോൺ വർഗീസ്, കെ.വൈ. തോമസ് എന്നിവർ അധ്യക്ഷത വഹിച്ചു. വർഷിപ്പ് സിങ്ങേഴ്സ് ഗാനങ്ങൾ ആലപിച്ചു. സെക്രട്ടറി പാസ്റ്റർ രാജൻ ഏബ്രഹാം നന്ദി പറഞ്ഞു.

## കർമ്മേൽ വോയ്സ് മ്യൂസിക്കൽ നൈറ്റ് 24 ന്

മുസഫ: ഐ.പി.സി. കർമ്മേൽ പി.വൈ.പി.എ യുടെ ആഭിമുഖ്യത്തിൽ കർമ്മേൽ വോയ്സ് ഒരുക്കുന്ന സിംഫണി 2011 മ്യൂസിക്കൽ നൈറ്റ് 24 ന് രാത്രി 8 ന് ബ്രദറൺ ചർച്ച് സെന്ററിൽ നടക്കും. പ്രശസ്ത ഗായകൻ സ്റ്റാൻലി നയിക്കുന്ന ശുശ്രൂഷയിൽ പ്രസാദ് തിരുവനന്തപുരം, അജിത്ത് ചെങ്ങന്നൂർ, കാർത്തിക് ചെന്നൈ, ശ്യാം തിരുവനന്തപുരം എന്നിവർ ഉപകരണങ്ങൾ വായിക്കും. ഐക്കാഡ്, മഫ്റക്ക്, ഷാബിയ, സനയ്യ എന്നിവിടങ്ങളിൽ നിന്ന് യാത്രാസൗകര്യം ഉണ്ടായിരിക്കും. ഫോൺ: 0554139567




# സമാധാന സന്ദേശവുമായി ക്രിസ്മസ്



## അയൽക്കാരനെ സ്നേഹിച്ചും അനാഥർക്കും അവഗണിക്കപ്പെട്ടവർക്കും സാന്ത്വനം പകർന്നും ക്രിസ്മസ് അർത്ഥപൂർണ്ണമാക്കാം.

**തോമസ് തോന്നയ്ക്കൽ**

തിരുപ്പിറവിയുടെ സ്മരണകളുമായി വീണ്ടും ക്രിസ്മസ് ദിനങ്ങൾ. പുൽക്കുടിലിൽ പിറന്ന ലോകരക്ഷകനെ വാഴ്ത്തിപ്പാടുന്ന ശാന്തരാത്രി തിരുരാത്രി കരോൾ ഗാനങ്ങൾക്ക് ഇനി കാതോർക്കാം. എവിടെയും കണ്ണ് ചിമ്മുന്ന നക്ഷത്ര വിളക്കുകൾ, ക്രിസ്മസ് ട്രീകൾ, സൗഹൃദ സന്ദേശങ്ങളുടെ പ്രളയകാലം, ക്രിസ്മസ് രാവിൽ സമ്മാനങ്ങളുമായി എത്തുന്ന സാന്താക്ലോസുകൾ. സമാധാനത്തിന്റെയും സൗഹൃദത്തിന്റെയും ആഹ്ലാദത്തിന്റെയും സന്ദേശമാണ് ക്രിസ്മസ്.



ഭാഷയ്ക്കും വർണ്ണത്തിനും വർഗ്ഗത്തിനും അതീതമായി ലോകം ഒന്നടങ്കം ആഘോഷത്തിൽ പങ്കാളികളാകുന്നത് ഒരു പക്ഷെ ക്രിസ്മസിലാകാം. ഒരു ക്രിസ്തുമത വിരോധി പോലും ക്രിസ്മസിനെ ഉൾക്കൊള്ളുന്നു. നക്ഷത്രവിളക്കു വീടിനു മുന്നിൽ പ്രകാശം പരത്തുമ്പോൾ, ക്രിസ്മസ് കാർഡുകളിൽ സന്ദേശമയക്കുമ്പോൾ, ക്രിസ്മസ് കേക്കുകളുടെ മധുരം നുണയുമ്പോൾ അത് സർവ്വ ജനത്തിന്റെയും ക്രിസ്മസായി മാറുന്നു. ഇത് ആർക്കും പൊളിച്ചെഴുതാനാകില്ല. ക്രിസ്തുപ്പിറവി സർവ്വ ജനത്തിനും ഉണ്ടാകുവാനുള്ള സന്തോഷത്തിന്റെ സന്ദേശമാണ ഉദ്ഘോഷിക്കുന്നത്.

കൺസ്യൂമറിസം ഒരു ആഗോള പ്രതിഭാസമായതോടെ എല്ലാ രാജ്യത്തും കച്ചവടക്കാർ തന്നെയാണ് ക്രിസ്തുമസിന്റെ പ്രഘോഷകർ. കച്ചവടക്കാരന്റെ ദൈശാസ്ത്രം നാം നോക്കേണ്ട. അവരുടെ ചിലവിൽ നമുക്കു സുവിശേഷം പ്രഘോഷിക്കാം. ഒരു നക്ഷത്ര വിളക്കിനെ ചൂണ്ടി നമുക്കു കാലിത്തൊഴുത്തിൽ പിറന്നവന്റെ കഥ പറയാം. ആ കഥ പറഞ്ഞ് കാൽവറിയോളം ചെല്ലാം. മാനവജാതിയുടെ വീണ്ടെടുപ്പിന്റെ മഹാസന്ദേശം ഉറക്കെ പ്രഘോഷിക്കാം. ക്രിസ്മസ് ദിനങ്ങൾ പ്രഘോഷണത്തിന്റെ ഉത്സവകാലമാക്കി മാറ്റം.

സൗഹൃദങ്ങൾ സ്ഥാപിക്കാനും തകർന്നത് പുനഃസ്ഥാപിക്കാനും ക്രിസ്മസ് ദിനങ്ങളെ ഉപയോഗിക്കാം. സ്നേഹത്തിന്റെ ഒരു വാക്ക്, ഉത്തേജനത്തിന്റെ ചില വരികൾ കുറിച്ച് സൗഹൃദത്തിന്റെ പുത്തൻ പാത തുറക്കാം. സ്നേഹത്തിന്റെ അമൃത വർഷിണിയാകട്ടെ ക്രിസ്മസ്. നമ്മുടെ അയൽക്കാരനോടുള്ള സ്നേഹം പ്രകടമാക്കുവാൻ ഒരു കേക്ക് സമ്മാനിക്കാം. സ്നേഹത്തിൽ പൊതിഞ്ഞതെങ്കിൽ അത് വാചാലമാകും. ഈ സ്നേഹവും സൗഹൃദവും ആകട്ടെ നമ്മുടെ സുവിശേഷം. ഓഫീസിലും തെരുവിലും തെരുക്കോണിലും ഈ സുവിശേഷം പ്രഘോഷിക്കാം. അനാഥരെയും അവഗണിക്കപ്പെട്ടവരെയും സന്ദർശിച്ചും സമ്മാനങ്ങൾ നൽകിയും കരോൾ ഗാനങ്ങൾ പാടിയും ക്രിസ്മസിന്റെ പൊരുൾ വ്യക്തമാക്കാം.

ദൈവപുത്രനായ ക്രിസ്തു മനുഷ്യാവതാരം ചെയ്ത സംഭവം യഥാർത്ഥ്യമാണ്. വേദപുസ്ത കലണ്ടറിൽ അത് കുറിക്കപ്പെട്ടില്ലായെങ്കിലും ചരിത്രത്തിൽ അതിനൊരു സ്ഥാനമുണ്ട്. ക്രിസ്മസ് നമുക്കു പുണ്യദിനമല്ല. ക്രിസ്തുവിനെ സാക്ഷിക്കുവാനും സഹോദരനെ സ്നേഹിക്കുവാനും സൗഹൃദങ്ങൾ സ്ഥാപിക്കാനുമുള്ള സുവർണ്ണാവസരം. പരമാവധി അത് പ്രയോജനമാക്കാം.



ഐ.പി.സി. യുഎ.ഇ. റീജിയൻ ആരാധനയിൽനിന്ന്.

# പെന്തെക്കോസ്തു പട്ടുമെത്തയുടെ അനുഭവമല്ല: പാസ്റ്റർ കെ.കെ. ചെറിയാൻ

**ഷാർജ:** നിന്ദയുടെയും പരിഹാസത്തിന്റെയും കൂരമ്പുകൾ ഏറ്റ ആദിമാതാപിതാക്കളുടെ വിശ്വാസത്തിന്റെയും ത്യാഗത്തിന്റെയും ഫലമാണ് പെന്തെക്കോസ്തു പ്രസ്ഥാനം എന്നത് ഇന്നത്തെ തലമുറ തിരിച്ചറിയണമെന്ന് പ്രമുഖ സുവിശേഷപ്രഭാഷകൻ പാസ്റ്റർ കെ.കെ.ചെറിയാൻ പ്രസ്താവിച്ചു. പെന്തെക്കോസ്ത് എന്നത് പട്ടുമെത്തയുടെ അനുഭവമല്ലെന്നും പിന്നിട്ട വഴികളെ നാം മറക്കരുതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഐപിസി യുഎഇ റീജിയൻ സംയുക്ത ആരാധനായോഗത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ഷാർജ യൂണിയൻ ചർച്ചിൽ നടന്ന യോഗത്തിൽ റീജിയൻ സെക്രട്ടറി പാസ്റ്റർ രാജൻ ഏബ്രഹാം അധ്യക്ഷത വഹിച്ചു. പാസ്റ്റർ എം.ജി.ജോൺ സങ്കീർത്തനധ്യാനം നടത്തി. റീജിയൻ പ്രസിഡന്റ് പാസ്റ്റർ വിൽസൻ ജോസഫ് തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. ഐപിസി ഷാർജാ ക്വയർ ഗാനങ്ങൾ ആലപിച്ചു.

# ഡോ.പോൾ യോംഗിചോ പ്രസംഗിക്കുന്നു

## അബുദാബിയിൽ പൊതു സ്റ്റേഡിയത്തിൽ നടക്കുന്ന ആദ്യക്രൈസ്തവസമ്മേളനം

**അബുദബി:** ലോകത്തിലെ ഏറ്റവും വലിയ പെന്തെക്കോസ്തു സഭയായ സൗത്ത് കൊറിയ യോയിഡോ ഫുൾഗോസ്പൽ ചർച്ച് സീനിയർ പാസ്റ്റർ പോൾ യോംഗിചോ അബുദബി ക്രിക്കറ്റ് സ്റ്റേഡിയത്തിൽ പ്രസംഗിക്കും. അബുദബിയിൽ 2012 പെബ്രുവരി 16,17 തീയതികളിൽ നടക്കുന്ന സമാധാനസമ്മേളനത്തിലാണ് പ്രസംഗിക്കുന്നത്. ഏകദേശം പത്തുലക്ഷത്തിലധികം വിശ്വാസികളുള്ള സഭയുടെ പാസ്റ്ററായ യോംഗിചോ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ 50 രാജ്യങ്ങളിൽ നടക്കുന്ന നാഷണൽ ഗോസ്പൽ ടൂറിന്റെ ആരംഭം കുറിച്ചുകൊണ്ടാണ് അബുദാബിയിലെ പരിപാടി. പെന്തെക്കോസ്തൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യ ദേശീയ സെക്രട്ടറി പാസ്റ്റർ ആർ. ഏബ്രഹാമിന്റെ നേതൃത്വത്തിൽ കൺവൻഷനുവേണ്ടിയുള്ള ഒരുക്കങ്ങൾ ആരംഭിച്ചു.



## യേശുവിന്റെ ജീവമൊഴികൾ വെബ്സൈറ്റിലും

**ഷാർജ:** പാസ്റ്റർ കെ.ജോൺ എഴുതിയ യേശുവിന്റെ ജീവമൊഴികൾ എന്ന പുസ്തകം ഇനി മുതൽ വെബ്സൈറ്റിലും ലഭിക്കുന്നതാണ് www.voiceofjesus.co



മുസഫ ഐ.പി.സി. ഏബനേസർ സഭയുടെ സഹശുശ്രൂഷകരായ ഇവാ. തോമസ് എം. തോമസ്, ഇവാ. റ്റി. ഏബ്രഹാം എന്നിവർക്ക് ഐ.പി.സി. ജനറൽ പ്രസിഡന്റ് പാസ്റ്റർ കെ.സി. ജോൺ ഓർഡിനേഷൻ നൽകുന്നു.

# യു.പി.എഫ് സംയുക്ത ആരാധന നടത്തി

**ഷാർജ:** യൂണൈറ്റഡ് പെന്തെക്കോസ്തു ഫെലോഷിപ്പിന്റെ സംയുക്ത ആരാധനായോഗം ഷാർജ വർഷിപ്പ് സെന്ററിൽ നടന്നു. പാസ്റ്റർ വിൽസൻ ജോസഫിന്റെ അധ്യക്ഷതയിൽ അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് സൂപ്രണ്ട് പാസ്റ്റർ പി.എസ്.ഫിലിപ്പ്, ശാരോൻ ഫെലോഷിപ്പ് പ്രസിഡന്റ് പാസ്റ്റർ റ്റി.ജി.കോശി എന്നിവർ പ്രസംഗിച്ചു. പ്രശ്നസങ്കീർണമായ ജീവിതസാഹചര്യങ്ങളിൽ കരുതുന്ന ദൈവത്തിന്റെ സാമിപ്യമാണ് നമ്മെ നിലനിർത്തുന്നതെന്ന് പാസ്റ്റർ പി.എസ്.ഫിലിപ്പ് ഓർമിപ്പിച്ചു. വിശുദ്ധിയുടെയും വേർപാടിന്റെയും അനുഭവത്തിലേക്ക് നാം മടങ്ങിവരണമെന്ന് പാസ്റ്റർ റ്റി.ജി.കോശി ആഹ്വാനം ചെയ്തു.

യു.പി.എഫ് പ്രസിഡന്റ് റവ.ഡോ.കെ.ഒ.മാത്യു തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. പാസ്റ്റർ സി.എ.ഏബ്രഹാം സങ്കീർത്തനധ്യാനം നടത്തി. വർഷിപ്പ് സിങേഴ്സ് ഗാനങ്ങൾ ആലപിച്ചു. ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർഥികൾക്ക് മെറിറ്റ് അവാർഡ് നല്കി. യു.പി.എഫ് സെക്രട്ടറി സുവി. ഐപ്പ് വിഴാലിൽ നേതൃത്വം നല്കി.


## വീടും സ്ഥലവും വില്പനയ്ക്ക്

Kadavathra Kochi 4 Cents with House
24 Cents
+919847536278 (India) +971 567067106 (UAE)


BETHESDA INSTITUTE OF TECHNOLOGY AND SCIENCES
(Established by New India Church of God)
Ratwai,Chittora Road,Morar,Gwalior - 474006
Approved by AICTE, Delhi
Affiliated to Rajiv Gandhi Proudyogiki Vishwavidyalaya, Bhopal
Admissions Open!
Offering B.E. Degree Courses in the
Following branches :
* Mechanical
*Computer Science
* Electrical & Electronics
* Civil
* Electronics & Communication
Facilities on campus include :
Sprawling 10 Acre Campus,
Fully equipped laboratories,
workshop, well stocked library,
internet Connectivity,
hostel facilities, cafeteria, bus transport
Apply today! Priority Allotment for Christian students!
For More Information, contact us at:
Ph : + 91 751 – 2566345, +91 8435369699
Email : bitsgwalior@gmail.com,Website : www.bitsgwalior.com

# പരിസ്ഥിതി നശീകരണം പാപത്തിന്റെ പട്ടികയിൽ

കൊച്ചി: ദൈവത്തിനും സഭയ്ക്കും എതിരായ പ്രവൃത്തികൾ പോലെ തന്നെ പരിസ്ഥിതി നശീകരണവും കുമ്പസാരത്തിൽ ഏറ്റുപറയേണ്ട പാപങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താൻ കേരളാ കത്തോലിക്കാ മെത്രാൻ സമിതി (കെ.സി.ബി.സി) തീരുമാനിച്ചു. സഭ മുന്നോട്ടുവെച്ച ഹരിത അധ്യാത്മികതയുടെ ഭാഗമായാണിത്. 'ഹരിത അധ്യാത്മികത' മൂന്നു ദിവസങ്ങളിലായി നടന്നുവന്ന കെ.സി.ബി.സി യോഗം അംഗീകരിച്ചു. ഫെബ്രുവരി അവസാനത്തോടെ ഇതു നയമായി അവതരിപ്പിക്കാനും സഭാതലത്തിൽ നടപ്പാക്കാനുമാണ് തീരുമാനം. കുമ്പസാരത്തിൽ ഏറ്റുപറയേണ്ട പാപങ്ങൾ തീരുമാനിക്കാൻ സാർവത്രിക സഭയ്ക്ക് മാത്രമേ അധികാരമുള്ളൂ എങ്കിലും ജീവവർഗത്തിനെതിരെയുള്ള പാപങ്ങളെപ്പോലെ പ്രകൃതിക്കെതിരെയുള്ള കടന്നുകയറ്റവും പാപമാണെന്ന ബോധ്യത്തിൽ കുമ്പസാരത്തിൽ ഏറ്റുപറയാൻ വിശ്വാസികളെ പ്രേരിപ്പിക്കുകയാണ് ലക്ഷ്യം. ദൈവം, മനുഷ്യ, പ്രപഞ്ച ദർശനങ്ങളുടെ അടിസ്ഥാനത്തിൽ പരിസ്ഥിതിപ്രശ്നങ്ങളെ ഉൾക്കൊണ്ട് ഈ പ്രശ്നങ്ങളെ ഭൗതികതലത്തിൽ നിന്ന് മാറ്റി ആത്മീകതലത്തിൽ മനസ്സിലാക്കാനുമാണ് സഭയുടെ തീരുമാനം. സഭയുടെ കീഴിൽ കൃഷിചെയ്യാതെ കിടക്കുന്ന സ്ഥലങ്ങളിൽ മരങ്ങൾ നട്ടുവളർത്തും, ആഘോഷവേളകളിൽ ദീപാലങ്കാരങ്ങൾക്കും കരിമരുന്ന് പ്രയോഗങ്ങൾക്കും നിയന്ത്രണം ഉണ്ടാകും. മദ്യവർജനം വ്യാപകമാക്കാനുള്ള പ്രവർത്തനം ഊർജ്ജിതപ്പെടുത്താനും കെ.സി.ബി.സി. തീരുമാനിച്ചിട്ടുണ്ട്.

## ഗിൽഗാൽ ബിരുദദാന സമ്മേളനം

**ഷാർജ:** ഗിൽഗാൽ ബിബ്ലിക്കൽ സെമിനാരി ബിരുദദാനസമ്മേളനം ഷാർജ വർഷിപ്പ് സെന്ററിൽ നടന്നു. സമ്മേളനത്തിൽ മാസ്റ്റർ ഓഫ് ഡിവിനിറ്റി, ബാച്ചിലർ ഓഫ് തിയോളജി, ഡിപ്ലോമാ ഇൻ തിയോളജി എന്നീ കോഴ്സുകളിൽ പഠനം പൂർത്തീകരിച്ച 25 വിദ്യാർഥികൾക്ക് ബിരുധംനല്കി. ചർച്ച് ഓഫ് ഗോഡ് യുഎഇ നാഷണൽ ഓവർസീയറും സെമിനാരി ഡയറക്ടറുമായ റവ. ഡോ.കെ.ഒ.മാത്യു അധ്യക്ഷത വഹിച്ചു. വേൾഡ് വിഷൻ ഫീൽഡ് ഡയറക്ടർ റവ.ഡോ. ലാരി ജി ഹെസ്സ്, എഡ്യൂക്കേഷൻ ഡയറക്ടർ റവ. മാൻസ് മെസാഞ്ചൽ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിൽ യുഎഇയുടെ വിവിധഭാഗങ്ങളിൽ നിന്നായി അനേകം വിശ്വാസികൾ പങ്കെടുത്തു. 250-ഓളം വിദ്യാർഥികൾ പഠിച്ചുകൊണ്ടിരുന്ന ഈ സെമിനാരിക്ക് ഏഷ്യൻ തിയോളജിക്കൽ അസോസിയേഷന്റെയും അമേരിക്കൻ തിയോളജിക്കൽ ലൈബ്രറി അസോസിയേഷന്റെയും അംഗീകാരം ഉണ്ട്.




*ഉമ്മൽകൊയിൻ കൺവൻഷനിൽ പാസ്റ്റർ സി.കെ. ജോണിക്കുട്ടി ശുശ്രൂഷിക്കുന്നു.*



*ഷാർജാ ഗിൽഗാൽ ബിബ്ലിക്കൽ സെമിനാരിയിലെ ബിരുദദാനശുശ്രൂഷയിൽനിന്ന്.*

## ഉമ്മൽകൊയിൻകൺവൻഷൻ

**ഉമ്മൽകൊയിൻ:** ദൈവവിശ്വാസത്തിൽ അടിയുറച്ച് വിശ്വസിക്കുന്നവൻ ഒരുനാളും ലജ്ജിച്ചുപോകയില്ലെന്ന് എബണ്ടന്റ് ഫുൾഗോസ്പൽ ചർച്ച് ഡയറക്ടർ പാസ്റ്റർ സി.കെ. ജോണിക്കുട്ടി പറഞ്ഞു. ദി എൻ ലൈറ്റൺ ഇൻ ഫുൾഗോസ്പൽ ചർച്ച് ഉമ്മൽകൊയിൻ വർഷിപ്പ് സെന്ററിൽ സംഘടിപ്പിച്ച കൺവൻഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പാസ്റ്റർ വി.എം. ദാനിയേൽ അധ്യക്ഷത വഹിച്ചു. അജി ജോർജ്ജ് വർഗീസ് ഗാനശുശ്രൂഷകൾക്കു നേതൃത്വം നല്കി. മധൻകുമാർ, ജേക്കബ് തോമസ്, ലിജോ, എൻ.എം. തരകൻ, പാസ്റ്റർ റോബിൻ ചെറിയാൻ, ജോൺ എൻ.ജോൺ എന്നിവർ നേതൃത്വം നല്കി. എല്ലാ വ്യാഴാഴ്ചകളിലും 8.30 മുതൽ 10 വരെയാണ് സഭയുടെ ആരാധന. കൂടുതൽ വിവരങ്ങൾക്ക്: 0553901600

## ഐസിപിഎഫ് വിദ്യാർഥി ക്യാമ്പ് 7 –ന്

**അബുദബി:** ഇന്റർകോളജിയേറ്റ് പ്രയർ ഫെലോഷിപ്പ് (ഐസിപിഎഫ്) അബുദബി ചാപ്റ്റർ സംഘടിപ്പിക്കുന്ന വിദ്യാർഥി ക്യാമ്പ് ജനുവരി 7 ന് ഇവാഞ്ചലിക്കൽ സെന്ററിൽ നടക്കുമെന്ന് സെക്രട്ടി പി.സി. ഗ്ലെന്നി അറിയിച്ചു. നാലു വയസ്സുമുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പങ്കെടുക്കാം. രാവിലെ 9 ന് ആരംഭിച്ച് അഞ്ചിന് അവസാനിക്കും. ഐസിപിഎഫ് വിദ്യാർഥി കൗൺസിലറും ഗൾഫ് സ്റ്റാഫ്വർക്കറുമായ ജെറിൻ ശങ്കരമംഗലം, എറണാകുളം സ്റ്റാഫ് വർക്കർ ജെഫി യോഹന്നാൻ എന്നിവരുടെ നേതൃത്വത്തിൽ സീനിയേഴ്സ് വിദ്യാർഥികൾക്കുള്ള ക്ലാസുകൾ നടക്കും. ജൂനിയർ വിദ്യാർഥികൾക്ക് എക്സെൽ വിബിഎസ് മിനിസ്ട്രി ഡയറക്ടർ അനിൽ ഇലന്തൂർ ക്ലാസുകൾ എടുക്കും. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ക്ലാസുകൾ ഉണ്ടായിരിക്കും. പാട്ട് പരിശീലനം, വചനധ്യാനം, കൗൺസിലിംഗ്, ചർച്ച, ചോദ്യഉത്തരവേദി തുടങ്ങിയ വിവിധ പരിപാടികളുണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക്:
0551038378, 050 7921279, 0503241610

REGIONAL EDUCATIONAL INSTITUTE

YOUR RELIABLE PARTNER IN TRAINING & DEVELOPMENT

INTERNATIONAL CERTIFICATIONS

| | |
|---|---|
| CCNA | Cisco Certified Network Associate |
| CCNP | Cisco Certified Network Professional |
| CCIE | Cisco Certified Internetwork Expert |
| MCITP | Microsoft Certified IT Professional |
| MCTS | Microsoft Certified Technology Specialist |
| MCPD | Microsoft Certified Professional Developer |

| | |
|---|---|
| JAVA | J2EE |
| PHP | C++ |
| SQL | ORACLE |

LANGUAGES

| | |
|---|---|
| Spoken English | IELTS / TOEFL |
| Business English | Spoken Arabic |
| Business Communication | |

EXECUTIVE TRAINING PROGRAMS

- Business and Strategy
- Leadership
- Innovation & Creativity
- Marketing Management
- IT Management
- Logistics & Supply Chain Management
- Project & Operations Management
- Personal Dev. & Soft Skills Training
- Financial Management
- Entrepreneurship / Family Managed Business

ACCOUNTING

Manual Accounting
Peachtree
Tally (ERP 9)
Quick Books

REGULAR IT COURSES

| | |
|---|---|
| MS Office | Corel Draw |
| VBA Excel | Adobe Photoshop |
| Network Concepts | Adobe Illustrator |
| PC Hardware | Adobe InDesign |
| FrontPage/Dreamweaver | Adobe Flash |
| Desktop Publishing | Internet/Email |

ENGINEERING / PROJECTS

| | |
|---|---|
| AutoCAD 2D/3D | MS Project |
| Primavera P6 | SAFE |
| ETABS | SAP |

Tel: +971 2 6794948 Fax: +971 2 6727311,
2nd Floor, ADCO-Operative Society Building,
Electra Road, P.O.Box: 26270, Abu Dhabi, UAE.
Email: info@rei.ae, Web: www.rei.ae

# Gulf Pentecostal Conference & Convention

GPCC – Together for the Kingdom of God



അമേരിക്കയിലെ വലിയ സഭകളിലൊന്നായ ലോസ് ആഞ്ചലസ് ഫെയ്ത്ത്ഫുൾ സെൻട്രൽ ബൈബിൾ ചർച്ചിന്റെ സീനിയർ പാസ്റ്ററും, ലോസ് ആഞ്ചലസിന്റെ ദി കിംഗ്സ് യൂണിവേഴ്സിറ്റി പ്രസിഡന്റുമാണ് ബിഷപ് കെന്നത്ത് സി. ഉൾമർ. പാസ്റ്റർ, അദ്ധ്യാപകൻ, പ്രസംഗകൻ എന്നീ നിലകളിൽ ക്രൈസ്തവ ലോകത്ത് പ്രസിദ്ധനാണ്.

ഗൾഫ് പെന്തക്കോസ്തൽ കോൺഫറൻസിന്റെ ചുമതലയിൽ നടത്തപ്പെടുന്ന കൺവൻഷൻ 2012 ജനു. 3-5 വരെ ഷാർജ വർഷിപ്പ് സെന്ററിൽ നടക്കും. ലോക പ്രശസ്ത സുവിശേഷ പ്രസംഗകനായ ഡോ. കെന്നത്ത് ഉൾമർ പ്രധാന പ്രസംഗകനായിരിക്കും. പകൽ നടക്കുന്ന പാസ്റ്റർ കോൺഫറൻസിൽ ഡോ. ഉൾമറും സംഘവും ശുശ്രൂഷ നയിക്കും. റവ. റോയി റാന്നിയേൽ മാത്യു ശുശ്രൂഷിക്കും. ഗൾഫിൽ നടക്കുന്ന ഏറ്റവും വലിയ മലയാളി പെന്തക്കോസ്ത് സംഗമമായിരിക്കും ഷാർജയിൽ നടക്കുന്നത്. മറ്റു ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള വിശ്വാസികളും ശുശ്രൂഷകരും സമ്മേളനത്തിൽ പങ്കെടുക്കും.

## Office Bearers



Pr. Saji Chacko Secretary | Pr. Roy George Finance | Pr. Gerseem | Pr. Jacob Varghese | Pr. Johnson Baby | Pr. Jusy | Pr. Immanuel Samraj | Pr. Johnson Vaidyan



Pr. Rajan Abraham | Pr. Johnson Samuel | Pr. George Mathew | Pr. Moni | Pr. Samuelkutty | Pr. A. E. Varghese | Pr. Elaias Matherw | Pr. V.D. Cherian



Pr. John Mathew | Pr. Thomas Abraham | Pr. Wesley Cherian | Pr. George Titus | Evg. Joy Philip | Pr. Joseph .T.Punnoose | Evg. Shaji Joseph | Pr. Linu Thomas



Varkey Abraham | Ipe V Ipe | Philip George | Aniyan Kutty | Saji George | Kurien Thomas | Saji Paul | Benoy Verghese



Praize Kurian | A. P Philip | Raji Thomas | K. Joshua | Noon Kuruvilla | Thomas K. Thomas | Jaison Joseph | Binoy J Kurien



Sis. Jessy Joshua | Donald Victor | Thomaskutty M.G. | Joseph Jacob | C. G. Job | Robin Thomas | Jonson Samuel | Siby Oommen Mathew



Peter Das | Jacob Thankchan | Robins Titus | Bejoy Thampy | P.S. Raju Koshy | Binny Abraham

**PRAY AND BE A PART**




Edited, Printed and published by P.C. Glenny, Editor in charge Santhosh Abraham. news@newsmanna.com, Visit: www.newsmanna.com 050 3241610, 055 3969791